**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2283** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതിയുടെ അന്തിമ കരട് പട്ടിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയ്ക്കായി തയ്യാറാക്കിയ അന്തിമ കരട് പട്ടികയിൽ അർഹരായ പലരും ഉൾപ്പെട്ടിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല.<br><br>ലൈഫ് 2020-യുടെ കരട് ഗുണഭോക്തൃ പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിന്മേലുള്ള ഒന്നാംഘട്ട ആക്ഷേപങ്ങളും അപ്പീലുകളും സ്വീകരിക്കാൻ ജൂൺ 17 വരെ അവസരം നൽകിയിരുന്നു. ഈ അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ട് ജൂലൈ 1-ന് രണ്ടാം അപ്പീലിനു വേണ്ടിയുള്ള കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്മേൽ ജില്ലാ കളക്ടർക്ക് ലഭിക്കുന്ന അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ച കൊണ്ടും ഗ്രാമസഭ/വാർഡ് സഭകളുടെ പരിശോധനയ്ക്ക് വിധേയമാക്കി അംഗീകാരത്തോടെ ആഗസ്റ്റ് 16-നാണ് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ ലക്ഷ്യമിടുന്നത്. ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ മുൻഗണനയ്ക്ക് അർഹതയുണ്ടായിട്ടും ഗുണഭോക്തൃ പട്ടികയിൽ വളരെ പിറകിലായവർക്കും അർഹതയുണ്ടായിട്ടും പട്ടികയിൽ ഉൾപ്പെടാതെ പോയവർക്കും അപ്പീൽ നൽകുന്നതിനും അനർഹർ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിനെതിരെ ആക്ഷേപം നൽകുന്നതിനുമാണ് ഈ അവസരം നൽകിയിട്ടുള്ളത്. |
| (ബി) | അപാകതകൾ പരിഹരിച്ച് വീടില്ലാത്ത അർഹതപ്പെട്ട മുഴുവൻ പേരെയും അന്തിമ പട്ടികയിൽ ഉൾപ്പെടുത്തി വീട് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | 2017-ലെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാനാകാതെപോയ അർഹരായ മുഴുവൻ ഭൂമിയുള്ള ഭവനരഹിതരേയും ഭൂരഹിത ഭവനരഹിതരേയും കണ്ടെത്തുന്നതിനാണ് ലൈഫ് 2020 പ്രകാരം പുതിയ അപേക്ഷകൾ ഓൺലൈനായി സ്വീകരിച്ചത്. ഇപ്രകാരം ലഭിച്ച 9,20,260 അപേക്ഷകൾ ആദ്യം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഫീൽഡ് തല പരിശോധന നടത്തുകയും തുടർന്ന് അർഹരായ മുഴുവൻപേരും |

| | | | |
|---|---|---|---|
| | | | ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അനർഹരാരും തന്നെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് ഉറപ്പുവരുത്തുന്നതിനുമായി ഗ്രാമപഞ്ചായത്തുകളിൽ ലഭിച്ച ഭൂമിയുള്ള ഭവനരഹിതരുടേയും ഭൂരഹിത ഭവനരഹിതരുടേയും അപേക്ഷകളും നഗരസഭകളിലെ ഭൂരഹിത ഭവനരഹിതരുടെ അപേക്ഷകളും ഫീൽഡ്തല പരിശോധന നടത്തിയ അപേക്ഷകളുടെ പുന:പരിശോധന ജില്ല കളക്ടർമാർ മുഖാന്തിരവും നഗരസഭകളിലെ ഭൂമിയുള്ള ഭവനരഹിതരുടെ അപേക്ഷകളുടെ പുന:പരിശോധന കുടുംബശ്രീ മുഖാന്തിരവും നടത്തുകയുണ്ടായി. അർഹരായ മുഴുവൻ പേരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിലും രണ്ടാം ഘട്ടത്തിലും അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ടും ഗ്രാമസഭ/ വാർഡ്സഭകളുടെ അംഗീകാരത്തോടെ ആഗസ്റ്റ് 16-നാണ് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ ലക്ഷ്യമിട്ടുന്നത്. |

സെക്ഷൻ ഓഫീസർ